കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 ഫെബ്രുവരി 28, ബുധൻ

വാല്യം 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2001 ഫെബ്രുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ, ഓർഡർ...

അന്നപൂർണ്ണ പദ്ധതി

1 (*149) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ അന്നപൂർണ്ണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടുവെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രാബല്യത്തിലാവും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

(എ) അത്തരത്തിലുള്ള വാർത്തകൾ ചില പത്രങ്ങളിൽ വന്നുവെങ്കിലും അത് ശരിയല്ല.

(ബി) അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ആദ്യത്തെ കത്ത് 2000 ഏപ്രിൽ മാസത്തിലാണ് ലഭിച്ചത്. അതിൽ കൊടുത്തിരുന്ന ഗൈഡ്ലൈൻസ് വ്യത്യാസപ്പെടുത്തിക്കൊണ്ടുള്ള അവസാന കത്ത് സെപ്റ്റംബർ മാസം ആദ്യം കിട്ടി. ഈ കത്തിലും ഗൈഡ്ലൈൻസ് അച്ചടിച്ചുകൊണ്ടിരിക്കുകയാണെന്നും ഉടനെ അയയ്ക്കുമെന്നും സൂചന ഉണ്ടായിട്ടും ഇതുവരെ അച്ചടിച്ച ഗൈഡ് ലൈൻസ് കിട്ടിയിട്ടില്ല. കിട്ടിയ മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനമൊട്ടാകെയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സിവിൽസപ്ലൈസ് ഡയറക്ടർ മുഖേന എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് രണ്ട് മൂന്ന് ഘട്ടങ്ങളായി നടന്ന അവസരമായതിനാൽ പുതിയ ഭരണസമിതികൾ നിലവിൽ വന്നതിനുശേഷമേ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള നടപടി ആരംഭിക്കാനായുള്ളൂ. ഇതിനിടെ പദ്ധതി നടത്തിപ്പിന് ഫണ്ട് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തി. പദ്ധതി നടത്തിപ്പിനുള്ള തുക സംസ്ഥാന ഖജനാവിൽ നിക്ഷേപിക്കുന്നതിനു പകരം പുതിയ ബാങ്ക് അക്കൗണ്ട് തുറക്കാനുള്ള കേന്ദ്ര നിർദ്ദേശത്തോട് സംസ്ഥാനത്തിന്റെ വിയോജിപ്പ് അറിയിച്ചുവെങ്കിലും പദ്ധതി നടത്തിപ്പിനുള്ള കാലതാമസം ഒഴിവാക്കാനായി കേന്ദ്ര സർക്കാരിന്റെ താല്പര്യം മാനിച്ച് ബാങ്ക് അക്കൗണ്ട് തുറക്കുകയും ചെയ്തു. ഇതേത്തുടർന്ന് 15-11-2000-ലെ ജെ-16011/13/2000 എ.എൻ.പി.-എൻ.എസ്.എ.പി. കത്തുപ്രകാരം കേന്ദ്രം പദ്ധതി വിഹിതം അനുവദിച്ചു. ഇത് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ചെലവാക്കുന്നതിനുള്ള ഭരണാനുമതി തുടങ്ങിയ സാങ്കേതിക നടപടിക്രമങ്ങൾ അടിയന്തിരമായി സ്വീകരിച്ചതിന്റെ ഫലമായി 14-2-2001-ൽ ഈ പദ്ധതി നടപ്പിലാക്കാനായി.

സി) 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ ഇതിനുള്ള മാനദണ്ഡം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര വയോജന പെൻഷൻ പദ്ധതി പ്രകാരം പെൻഷന് അർഹതയുള്ളവരിൽ ഇപ്പോൾ പെൻഷൻ ലഭിക്കാതിരിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള അഗതികൾക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നത്. എന്നാൽ കേന്ദ്ര വയോജന പെൻഷൻ പദ്ധതി പ്രകാരം പെൻഷന് അർഹതയുള്ളവരായി കണ്ടെത്തിയ 2,24,900 പേരിൽ പരമാവധി 20 ശതമാനം വരുന്ന 44,980 പേർക്കുമാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ആദ്യഘട്ടത്തിൽ ലഭ്യമാകുന്നുള്ളൂ. ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതി സംബന്ധിച്ച് വ്യാപകമായ പ്രചാരണം കൊടുത്തശേഷം ഗ്രാമസഭകളാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ഗ്രാമ പഞ്ചായത്തുകൾ പ്രസിദ്ധീകരിക്കുന്നതും ഇതിനുള്ള പ്രത്യേക കാർഡുകൾ ഗ്രാമസഭാ യോഗങ്ങളിൽ വച്ച് വിതരണം ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 14-2-2001-ൽ പ്രാബല്യത്തിൽ വന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, കഴിഞ്ഞ ഏപ്രിൽ 1-ാം തീയതി ഇൻഡ്യയിൽ നടപ്പിലാക്കുന്ന പദ്ധതിയാണെന്നാണ് പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് 14-2-2001-ലാണ് നടപ്പിലാക്കുന്നത്. കാലതാമസം പല കാരണങ്ങളാലാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്. നല്ല ഒരു സ്കീം എന്ന നിലയിൽ ഇനിയെങ്കിലും ഇതിന്റെ പ്രയോജനം അർഹതപ്പെട്ടവർക്ക് കിട്ടത്തക്കവിധം ഇതിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും വിശദീകരണങ്ങളും ഗ്രാമപഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും അടിയന്തിരമായി അറിയിക്കാൻ ആവശ്യമായ നടപടികൾ ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്നോ അല്ലാതെയോ സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, പദ്ധതി നല്ലതാണെങ്കിലും കേരളത്തിലെ 60 ലക്ഷം കാർഡ് ഉടമകളിൽ 44980 പേർക്ക് മാത്രമേ ഇതിന്റെ പ്രയോജനം കിട്ടൂ. പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വന്നു എന്ന് കേന്ദ്രമന്ത്രിതന്നെ പറഞ്ഞു. അദ്ദേഹം എന്നെ കണ്ടതാണ്, എന്നോട് അതേക്കുറിച്ചു ചോദിച്ചില്ല. ഇതു സംബന്ധിച്ച ഗൈഡ്ലൈൻസ് സംസ്ഥാന ഗവൺമെന്റിന്റേതല്ല ; കേന്ദ്ര ഗവൺമെന്റിന്റേതാണ്. അതു തരാം എന്നും അച്ചടിയിലിരിക്കുകയാണ് എന്നുമാണ് പറയുന്നത്. കിട്ടിയ ഗൈഡ് ലൈൻസ് അനുസരിച്ച് ഞങ്ങൾ നടപ്പാക്കിയിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഒരു പദ്ധതി ആവിഷ്ക്കരിച്ചാൽ ആ പദ്ധതി നടപ്പാക്കുന്നതിന് ഗൈഡ്ലൈൻസ് അയച്ചുതരേണ്ട കടമ അവർക്കുണ്ട്. ഒടുവിൽ കിട്ടിയ സൂചനവച്ചുകൊണ്ട്, പഞ്ചായത്തുകൾക്ക് വലിയ പ്രയാസമുള്ളതാണ്. പഞ്ചായത്തുകൾ ഗ്രാമസഭ വിളിച്ചുകൂട്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു പ്രസിദ്ധീകരിക്കണമെന്നാണ് ഗൈഡ്ലൈൻസിൽ പറയുന്നത്. ശ്രമകരമായ ജോലിയാണത്. ഒരു ഗ്രാമസഭയിൽപ്പെട്ട ഒന്നോ രണ്ടോ പേർക്കാണ് ആനുകൂല്യം കിട്ടുന്നത് രണ്ടോ മൂന്നോ തവണ ഇലക്ഷൻ മാറ്റിവച്ചതുകൊണ്ടാണ് താമസം വന്നത്.

ശ്രീ. സി. എഫ്. തോമസ് : സർ, ഏതു പദ്ധതിയുടേയും പ്രയോജനം ഒരു വാർഡിൽ ചെല്ലുമ്പോൾ രണ്ടോ മൂന്നോ പേർക്കേ കിട്ടൂ. ഈ സംസ്ഥാനത്ത് ഒരാളിനേ പ്രയോജനം കിട്ടുകയുള്ളൂ എന്നുവിചാരിക്കരുത്. സ്റ്റേറ്റിന് ഒരു പൈസ പോലും മുടക്കില്ലാത്തതാണ്. കേന്ദ്രഗവൺമെന്റിൽ നിന്ന് ഒരു പദ്ധതിയും കിട്ടുന്നില്ലെന്ന പരാതി ഇന്നും ഇന്നലെയും ഒക്കെ നമുക്കുണ്ട്. ആ സ്ഥിതിക്ക് ഒരു സ്കീം വന്നാൽ അതു നടപ്പിലാക്കാനുള്ള ചുമതല നമുക്കുണ്ട്. പദ്ധതിയെക്കുറിച്ച് ഈ സ്റ്റേറ്റിൽ ആവശ്യമായ പ്രചരണമില്ല എന്നു മനസ്സിലാക്കി ഇതിനാവശ്യമായ പ്രചരണംകൂടി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരു സ്കീം കേന്ദ്ര ഗവൺമെന്റിന്റേത് ആയാലും സംസ്ഥാന ഗവൺമെന്റിന്റേതായാലും അതിന്റെ ഇംപ്ലിക്കേഷനെക്കുറിച്ച് സ്കീം ഉണ്ടാക്കുന്നവർക്ക് ഒരു വ്യക്തതവേണം. എന്നാലേ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കൂ. ഗൈഡ് ലൈൻസ് അയച്ചുതരാം എന്നു പറഞ്ഞിരുന്നാൽ കാലതാമസം നേരിടും. ഇതിനു വ്യാപകമായ പ്രചരണം നടത്തിയിട്ടുണ്ട്. എല്ലാ ഡിസ്ട്രിക്ട് കളക്ടർമാരും സെലക്ഷനുവേണ്ടി എല്ലാ പഞ്ചായത്തുകൾക്കും അഞ്ചാറു മാസങ്ങൾക്കു മുമ്പേ സകല നിർദ്ദേശങ്ങളും കൊടുത്തതാണ്. പഞ്ചായത്തുകളിൽ ഇലക്ഷൻ വന്നതുകൊണ്ട് കുറെസമയം എടുക്കേണ്ടി വന്നതുകൊണ്ട് അപ്രതീക്ഷിതമായി സംഭവിച്ചുപോയതാണ്. അല്ലാതെ വേറെ കുഴപ്പം വന്നിട്ടില്ല. പ്രിന്റഡ് ഗൈഡ്ലൈൻസ് വരാൻ കാത്തിരിക്കുകയാണ്. ഒരു സ്കീം ഉണ്ടാക്കുമ്പോൾ വളരെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കാൻ അതുണ്ടാക്കുന്നവർക്ക് സാധിക്കണം. അതുണ്ടായില്ലെന്നതാണ് കുഴപ്പം.

ശ്രീ. മാമ്മൻ മത്തായി : സർ, നൂറു ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ "അന്നപൂർണ്ണ" പദ്ധതിക്കു കേന്ദ്രത്തിൽനിന്നു തുക അനുവദിച്ചത് എന്നാണെന്നു വ്യക്തമാക്കുമോ ; കേന്ദ്രത്തിൽ നിന്നനുവദിച്ച തുക പ്രത്യേക അക്കൗണ്ട് തുറന്നു നിക്ഷേപിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിനുപകരം ട്രഷറിയിലടയ്ക്കണമെന്നു സംസ്ഥാന ഗവൺമെന്റ് നിർബന്ധം പിടിച്ചതുകൊണ്ടാണ് പദ്ധതി വൈകിയതെന്നു പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ നിഷേധിക്കുന്നു. പണത്തിന്റെ പ്രശ്നമല്ല. എങ്ങനെയാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്നതിന്റെ ഗൈഡ് ലൈൻസ് തന്നില്ല. ഒരു ഗൈഡ്ലൈൻ പ്രകാരം നടപ്പാക്കികഴിഞ്ഞാൽ പിന്നെ വേറൊരു ഗൈഡ്ലൈൻ വന്നാൽ കുഴയും. യഥാർത്ഥത്തിൽ പണം തന്നത് 15-11-2000-ത്തിലാണ്. അത് ബാങ്കിലിട്ടു. സാധാരണ ഗതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിക്ക് സംസ്ഥാനത്തിന് പണം കൊടുക്കുമ്പോൾ അത് ബാങ്കിൽ ഇടണമെന്നാണ് പറയുന്നത്. അതു ശരിയല്ലെന്ന വിവരം അറിയിച്ചു. ഇത് അസാധാരണമായ നടപടിക്രമമാണെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു. ഇട്ടേ ഒക്കൂ എന്നു നിർബന്ധം പിടിച്ചപ്പോൾ ബാങ്കിലിട്ടു.

ശ്രീ. മാമ്മൻ മത്തായി : സർ, പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ദേശീയ വാർദ്ധക്യകാല പെൻഷന് അർഹതയുള്ളവരെയാണെന്നു പറഞ്ഞു. ഗ്രാമസഭകളാണ് സെലക്ഷൻ നടത്തുന്നതെന്നും പറയുകയുണ്ടായി. ദേശീയ വാർദ്ധക്യകാല പെൻഷന് അർഹതയുള്ളവരുടെ ലിസ്റ്റോ മറ്റെന്തെങ്കിലുമോ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഉണ്ട്. അതിന്റെ ബേസിസിൽ 20 ശതമാനത്തിന്റെ എണ്ണം കൊടുത്തിട്ടുള്ള ലിസ്റ്റുണ്ട്. സെലക്ഷൻ കഴിഞ്ഞു. വിതരണവും തുടങ്ങിക്കഴിഞ്ഞു.

ശ്രീ. പി. വിശ്വൻ : സർ, അന്നപൂർണ്ണപദ്ധതിപോലെതന്നെയാണോ കേന്ദ്ര സർക്കാർ വീണ്ടും തുടങ്ങാൻ പോകുന്ന അന്ത്യോദയ അന്നയോജന പദ്ധതി അതേക്കുറിച്ച് വിശദീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അതിനു പ്രത്യേക ചോദ്യം വേണ്ടതാണ്. അതുവേറൊരു രീതിയിലാണ്. അതു ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ചെറിയ ശതമാനത്തിനു പ്രയോജനപ്പെടുന്നതാണ്. കേരളത്തിൽ 231000-ത്തോളം കുടുംബങ്ങൾക്കു മാത്രമായി ലിമിറ്റ് ചെയ്ത സ്കീമാണ്. അത് ഫ്രീ അല്ല. 25 കിലോഗ്രാം അരി കിലോഗ്രാമിന് 3 രൂപയ്ക്ക് കൊടുക്കും. ചെലവു മുഴുവൻ സംസ്ഥാന ഗവൺമെന്റു വഹിക്കും.

ശ്രീ. സി. മൊയിൻകുട്ടി : സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഈ പദ്ധതിയെ സംബന്ധിച്ച് കിട്ടിയിടത്തോളമുള്ള വിവരങ്ങളുടെ അവ്യക്തത ഒഴിവാക്കുന്നതിനുവേണ്ടി ഒരു പത്രക്കുറിപ്പിലൂടെ പത്രക്കാരോട് വിശദീകരിക്കുവാൻ സാധിക്കുമോ ; എത്ര പഞ്ചായത്തുകളിൽ ഇതു നടപ്പിലാക്കി എന്നു പറയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, എന്റെ അറിവിൽ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും അതിന്റെ ലിസ്റ്റായി, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നാണ് കളക്ടേഴ്സിന്റെ റിപ്പോർട്ട്. നടപ്പിലാക്കാത്ത വല്ല പഞ്ചായത്തും ഉണ്ടോ എന്നുള്ളതിന്റെ വിവരം ശേഖരിച്ചു മാത്രമേ പറയാൻ സാധിക്കുകയുള്ളു. ഞാൻ പോയി ഉത്ഘാടനം ചെയ്ത കൊല്ലം ജില്ലയിൽ മിക്കവാറും എല്ലാ പഞ്ചായത്തിലും ആയിട്ടുണ്ട്. ബാക്കിയുള്ളിടത്തേത് അന്വേഷിച്ചിട്ട് പറയാം.

ശ്രീ. എം. വി. ജയരാജൻ : സർ, കേന്ദ്ര സർക്കാർ ഈ പദ്ധതിക്കു വേണ്ടി അരി വിഹിതം എത്രയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ; 1995-97 വർഷത്തിൽ സംസ്ഥാനത്ത് അനുവദിക്കപ്പെട്ട അരി വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരും എന്നു വ്യക്തമാക്കാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അതിന്റെ കാൽക്കുലേഷനൊന്നുമില്ല. 44,980 പേർക്ക് 10 കിലോഗ്രാം അരി വച്ച് കൊടുക്കുന്നുണ്ട്. അതെത്ര ടൺ വരുമെന്ന് ബഹുമാനപ്പെട്ട മെമ്പർ കണക്കു കൂട്ടിക്കൊണ്ടാൽ മതി.

ജനസേവന കേന്ദ്രം

2 (*150) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചു പ്രവർത്തനം തുടങ്ങിയ 'ജനസേവന കേന്ദ്ര'ത്തിന്റെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രകണ്ട് കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly